**ശ്രദ്ധക്ഷണിക്കൽ**

പുനരുദ്ധാരണ പാക്കേജ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇന്നത്തെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിരവധി മേഖലകളിൽ ജനങ്ങൾ അനുഭവിക്കുന്ന വിഷമങ്ങൾ നിയമസഭാ തലത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരള ഗവൺമെന്റ് ജനങ്ങളെ സംരക്ഷിക്കാനുള്ള പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ടും അവർക്കാവശ്യമായ പിന്തുണ നൽകിക്കൊണ്ടും വലിയ തോതിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതേസമയം ഈ വിഷയത്തിൽ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് ജനങ്ങൾ അനുഭവിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് സഹായങ്ങളെല്ലാം ചെയ്യുമ്പോഴും ഇനിയും അവരെ സഹായിക്കേണ്ടതായിട്ടുണ്ടെന്നാണ് നമ്മുടെ നാട്ടിലെ സ്ഥിതിഗതികളിൽനിന്നും വ്യക്തമാകുന്നത്. ഇതിൽ പ്രധാനമായും, ചെറുകിട പരമ്പരാഗത തൊഴിൽമേഖല വലിയ ബുദ്ധിമുട്ടിലാണ്. കേരളത്തിൽ രണ്ട് ലക്ഷത്തിലേറെ തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. കൈത്തറി മേഖലയിൽ ഇരുപത്തയ്യായിരത്തിലേറെയും കയർ മേഖലയിൽ

നാൽപതിനായിരത്തിലേറെയും കരകൗശല മേഖലയിൽ മുപ്പതിനായിരത്തിലേറെയും കശുവണ്ടി മേഖലയിൽ ഇരുപത്തയ്യായിരത്തിലേറെയും ഖാദി, ബീഡി തുടങ്ങിയ മേഖലകളിലെല്ലാംകൂടി മുപ്പതിനായിരത്തിലേറെയും തൊഴിലാളികളുണ്ട്. മൺപാത്ര നിർമ്മാണ മേഖലയിൽ എണ്ണായിരം തൊഴിലാളികളുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇത്തരത്തിലുള്ള പരമ്പരാഗത തൊഴിലാളികളെ കൂടാതെതന്നെ മറ്റ് അനുബന്ധ മേഖലകളിൽ ചെറിയചെറിയ തൊഴിലുകൾ ചെയ്ത് ജീവിക്കുന്ന നിരവധി ആളുകൾ കേരളത്തിലുണ്ട്. അതിൽ ലൈറ്റ് ആന്റ് സൗണ്ട്സ് മേഖല പ്രധാനപ്പെട്ടൊരു ഘടകമാണ്. വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കുമെല്ലാം ഉപകരണങ്ങൾ വാടകയ്ക്ക് കൊടുത്തുകൊണ്ട് ജീവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലാകുന്നുവെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. സർക്കാർ നൽകുന്ന ഭക്ഷ്യ കിറ്റുകളൊക്കെ ഉള്ളതുകൊണ്ട് അക്ഷരാർത്ഥത്തിൽ പട്ടിണി ഇല്ലെങ്കിലും ബാങ്ക് ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെയും കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകളും മറ്റ് ചെലവുകളും നിർവ്വഹിക്കാൻ കഴിയാതെയും

വലിയതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇപ്പോൾ ഉത്സവങ്ങളും ആഘോഷങ്ങളും ഇല്ലാത്തതിനാൽ അമ്പലങ്ങളിലെ വാദ്യമേള തൊഴിലാളികളുടെ സ്ഥിതിയും വളരെ ഗുരുതരമാണ്. ഇക്കൂട്ടത്തിൽപ്പെട്ട തെയ്യം കലാകാരന്മാർക്കും യാതൊരു തരത്തിലുമുള്ള വരുമാനവുമില്ല. ഇത്തരത്തിലുള്ള നിരവധി മേഖലകളുണ്ട്. ഞാൻ എല്ലാത്തിന്റെയും പേരെടുത്ത് പറയുന്നില്ല. ഇങ്ങേയറ്റം, സൈക്കിൾ വാടകയ്ക്ക് കൊടുക്കുന്ന ഷോപ്പുകൾവരെ അടച്ചിടുകയാണ്. അതിന്റെ ഫലമായി അവിടങ്ങളിലെ തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്കൊന്നും ഇതല്ലാതെ മറ്റൊരു വരുമാനമാർഗ്ഗവുമില്ല. ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായി പതിയേണ്ട കാര്യമാണിത്. ഇവരിൽ ചില തൊഴിലാളികൾക്ക് താൽക്കാലികാശ്വാസമായി ബന്ധപ്പെട്ട ക്ഷേമനിധികളിൽനിന്നും ആയിരം രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ അവരുടെ തുടർച്ചയായ ജീവിത ചെലവ് നിർവ്വഹിക്കാൻ അതുകൊണ്ടുമാത്രം സാധിക്കില്ല. സർക്കാർ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ടവർക്ക് ആശ്വാസ നടപടികൾ ഒരു പാക്കേജായി പ്രഖ്യാപിച്ചിട്ടുണ്ട്. അത് വലിയ അനുഗ്രഹമാണ്. അവർക്ക് പലിശയില്ലാത്ത വായ്പയും ചില

സപ്പോർട്ടുകളുമെല്ലാം നൽകിയിട്ടുണ്ട്. ഏകദേശം അതുപോലെയുള്ള പാക്കേജുകൾ ഈ പാവപ്പെട്ട തൊഴിലാളികൾക്ക് കൂടി പ്രഖ്യാപിക്കണമെന്നതിലേയ്ക്കാണ് ഞാൻ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നത്. അവർക്ക് പലിശരഹിത വായ്പയോ അല്ലെങ്കിൽ വളരെ ചെറിയ പലിശയ്ക്ക് വായ്പ നൽകുകയോ ചെയ്യണം. അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി സൗകര്യമൊരുക്കാൻ സഹായിക്കുകയും സൈക്കിൾ ഷോപ്പുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ജോലിയില്ലാത്ത സമയത്ത് അവരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ പ്രഖ്യാപിക്കുകയും കൈത്തറി തൊഴിലാളികൾക്ക് തൊഴിലെടുക്കാനുള്ള അവസരം പുന:സ്ഥാപിക്കുന്നതോടൊപ്പം അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി സൗകര്യം ഒരുക്കുകയും ചെയ്യണം. ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഖാദി-കൈത്തറി മേഖലകളിൽനിന്നുള്ള തുണികൾ നേരിട്ട് ഏറ്റെടുക്കാൻ ചില സംവിധാനങ്ങൾ ഒരുക്കിയിരുന്നു. അതുപോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ഓണം അടുത്തുവരുന്ന സമയത്ത് സാധാരണഗതിയിൽ തൊഴിലെടുത്ത് പണം സമ്പാദിക്കാൻ കഴിയുന്ന അവസ്ഥ കോവിഡ് മഹാമാരി ഇല്ലാതാക്കിയിരിക്കുകയാണ്.

അതുകൊണ്ടുതന്നെ ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ ജീവനും ജീവിതവും സംരക്ഷിക്കാൻ വേണ്ടി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അത് വിവിധ മേഖലകളെ ബന്ധപ്പെട്ടുകൊണ്ടുള്ളതുമാണ്. അതിൽ ഖാദി മേഖലയിലെ 12500 തൊഴിലാളികൾക്കായി മിനിമം വേതന പദ്ധതിപ്രകാരം 22 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിച്ച തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും 2000 രൂപവീതം നൽകുന്നുണ്ട്. എല്ലാ ഖാദി-ഗ്രാമ വ്യവസായ തൊഴിലാളികൾക്കും 1000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. 2020-ലെ ഓണക്കാലത്ത് സർക്കാർ അനുവദിച്ച ഉത്സവബത്തയായ 1500 രൂപയ്ക്ക് പുറമെ 250 രൂപകൂടി അധികമായി തൊഴിലാളികൾക്ക് നൽകി. ഖാദി ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ വീതം രണ്ട് പ്രാവശ്യം അനുവദിച്ചിട്ടുണ്ട്. അതുപോലെ കൈത്തറി മേഖലയിലെ നൂൽക്ഷാമം തൊഴിൽ കുറയ്ക്കുന്നൊരു

സാഹചര്യമുണ്ടായിരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി അതിന് പരിഹാരം കാണുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റിന് പുറമെ 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിട്ടുണ്ട്. മുഴുവൻ നെയ്ത്ത് തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡുകൾവഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ടെക്സ്റ്റൈയിൽ മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജിന് അംഗീകാരം നൽകി. അതിന് 74.35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ദിനേശ് ബീഡി സംഘത്തിൽ ആകെയുള്ള നാലായിരം തൊഴിലാളികൾക്ക് രണ്ട് വർഷത്തേയ്ക്ക് 2,59,668 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ കൂലിയിനത്തിൽ 7.73 കോടി രൂപയുടെ വരുമാനനഷ്ടം സംഭവിച്ചുവെന്നതും വസ്തുതയാണ്. ഈ പ്രതിസന്ധിയിൽ ബീഡി തൊഴിലാളികളുടെ ഉന്നമനത്തിനായി ദിനേശ് ബീഡി സമർപ്പിച്ച പദ്ധതികൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ശൈലജ ടീച്ചർ ഇവിടെ ഉന്നയിച്ച

നിർദ്ദേശങ്ങളെല്ലാം പരിശോധിക്കാം. ഓണത്തോടനുബന്ധിച്ച് 5000 രൂപയുടെ ഖാദി തുണിത്തരങ്ങൾ 2999 രൂപയ്ക്ക് വിൽക്കുന്ന സ്കീം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇതിന്റെ പ്രചാരകരാകണം. ഓണക്കാലത്ത് കൈത്തറിയുടെ ഒരു ചലഞ്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരമാവധി കൈത്തറി ഉൽപന്നങ്ങൾ വാങ്ങിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ എല്ലാ നിയമസഭാംഗങ്ങളും പങ്കാളികളാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഖാദി-കൈത്തറി മേഖലകളിലുള്ള തൊഴിലാളികളുടെ കൂലി കുടിശ്ശികയും നിലനിൽക്കുന്നുണ്ട്. അതുപോലെ ഖാദിമേഖലയിൽ നേരത്തേ 30 ശതമാനം റിബേറ്റ് പ്രഖ്യാപിച്ചിരുന്നത് 10 ശതമാനം കൂടി വർദ്ധിപ്പിച്ച് കൊടുത്താൽ വലിയ ഉപകാരമായിരിക്കും. കൂലി കുടിശ്ശിക പരിഹരിക്കുന്നതിനും റിബേറ്റ് വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൂലി കുടിശ്ശികയെന്നുള്ളത് യഥാർത്ഥത്തിൽ കൂലിക്ക് ഒപ്പം ഗവൺമെന്റ് നൽകുന്ന ഒരു ഭാഗമാണ്. അതിൽ കുടിശ്ശികയുടെ ഒരു ഭാഗം നൽകിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം

ആവശ്യപ്പെട്ടതുപോലെ അവശേഷിക്കുന്ന കുടിശ്ശിക കൂടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിബേറ്റിന്റെ കാര്യം പരിശോധിക്കുന്നതാണ്.